A

1012

# സമഗ്ര ശിക്ഷാ, കേരളം

## രണ്ടാം പാദവാർഷിക മൂല്യനിർണയം 2019

## മലയാളം
## അടിസ്ഥാനപാഠാവലി

സ്റ്റാൻഡേർഡ് : X

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**ഒന്നുമുതൽ അഞ്ചുവരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.**
**(4x1=4)**

1. മാവേലിമന്നനെ വരവേൽക്കാൻ ദീപക്കുറ്റികൾ നാട്ടിയിരിക്കുന്നതായി കവി വർണിച്ചിരിക്കുന്നത് എന്തിനെയാണ്?

   - തുമ്പകളെ
   - നെയ്യാമ്പലുകളെ
   - മുക്കുറ്റികളെ
   - ഓണക്കോടിയുടുത്ത ഉഷസ്സിനെ

2. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത്?

   - തിരുവോണം - തിരു, വോണം
   - തൊണ്ടയിടറി - തൊണ്ട, ഇടറി
   - മരക്കൊമ്പ് - മര, ക്കൊമ്പ്
   - സത്യത്തിൽ - സത്യം, അതിൽ

3. 'കോഴിയും കിഴവിയും' എന്ന കഥയിലെ മത്തായിയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്ന പഴഞ്ചൊല്ല് ഏത്?

   - പാലു കൊടുത്ത കൈയ്ക്ക് കടിക്കുക.
   - മിന്നുന്നതെല്ലാം പൊന്നല്ല.
   - കാര്യം കാണാൻ കഴുതക്കാലും പിടിക്കുക.
   - താണനിലത്തേ നീരോടൂ.

4. 'മൺകലം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?

- മണ്ണും കലവും
- മണ്ണാവുന്ന കലം
- മണ്ണുകൊണ്ടുണ്ടാക്കിയ കലം
- മണ്ണിലുള്ള കലം

5. ശ്രീനാരായണഗുരുവിന്റെ ജീവിതവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?

- മതാതീതനായ തത്ത്വജ്ഞാനി
- കർമ്മജ്ഞാനങ്ങളെ സമന്വയിപ്പിച്ച പ്രായോഗികവേദാന്തി
- സ്വന്തം മോക്ഷത്തിനുവേണ്ടി യത്നിച്ച സന്ന്യാസിവര്യൻ
- ആദർശശാലിതയും പ്രായോഗികബുദ്ധിയും ഇണങ്ങിച്ചേർന്ന യുഗാചാര്യൻ

**ആറുമുതൽ പത്തുവരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.**

(4x2=8)

6. ''തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽക്കൂടെ വിരലോടിച്ചുപോവുകമാത്രം ചെയ്തു; തള്ളി ഇട്ടില്ല.''

'കൊച്ചുചക്കരച്ചി'ക്ക് മനുഷ്യഭാവം നൽകിയിരിക്കുന്നത് എങ്ങനെ? കണ്ടെത്തി എഴുതുക.

7. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.
അയൽവീട്ടുകാരെപ്പറ്റി എന്തെങ്കിലും ആക്ഷേപം പറയാതെ കിടന്നാൽ മത്തായിക്ക് ഉറക്കം വരുകയില്ല. അയാളുടെ ഭാര്യക്കും അങ്ങനെതന്നെ.

8. ''മണിപീഠത്തിലിരുത്തൂ, ഞങ്ങടെ
കൊച്ചുകിനാവുകൾ തേടിയലഞ്ഞു മ-
ലർക്കളർമെഴുതിക്കാത്തോരരചനെ'' (ഓണമുറ്റത്ത്)

ഈ വരികളിൽ തെളിയുന്ന മലയാളിയുടെ ഓണസങ്കൽപ്പം വ്യക്തമാക്കുക.

9. കാറ്റു മാറി വീശി. മർക്കോസ് ക്ഷീണിച്ചപ്പോൾ മത്തായി <u>സഹായിച്ചുതുടങ്ങി.</u>
അടിവരയിട്ട പ്രയോഗം നൽകുന്ന സൂചനയെന്ത്? വ്യക്തമാക്കുക.

10. ''സ്വേച്ഛാധിപതിപോലും പത്രത്തെ ബഹുമാനിക്കുന്നു''- അഴീക്കോടിന്റെ ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനമെന്ത്? രണ്ടു സൂചനകൾ എഴുതുക.

**പതിനൊന്നുമുതൽ പതിനഞ്ചുവരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം)** **(4x4=16)**

11. ''നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു.''

''കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തു വരുത്തുകയില്ല എന്ന ഉറച്ച നിലയായിരുന്നു അമ്മയ്ക്ക്''- പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെ മനോഹരമായ ചിത്രങ്ങളാണ് 'കൊച്ചുചക്കരച്ചി'യിൽ തെളിയുന്നത്. ഈ പ്രസ്താവന വിലയിരുത്തി കുറിപ്പു തയാറാക്കുക.

12. ''പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ-
രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ''

(ഓണമുറ്റത്ത്- വൈലോപ്പിള്ളി)

ഈ വരികളിലൂടെ കവി ഉയർത്തുന്ന വിമർശനം വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

13. ''ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവതം പൊട്ടാറായിനിൽക്കുകയാണ്. അതു താമസിയാതെ പൊട്ടും. അതിൽ രണ്ടു കുടുംബങ്ങളും തകർന്നെന്നു വരാം. അതിലാർക്കും വിരോധമില്ല. തന്റെ കൂടെ മറ്റവരും തകർന്നാൽ മതി.''

-ഇത്തരം മനോഭാവം വർത്തമാനകാലസമൂഹത്തിലും നിലനിൽക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർഥിക്കുക.

14. ''പേരൂരു തൊഴിലീ മൂന്നും
പോരുമായതു കേൾക്കുക!
ആരു നീയെന്ന് കേൾക്കേണ്ട
നേരു മെയ്തന്നെ ചൊൽകയാൽ'' (ശ്രീനാരായണഗുരു)

| | |
|---|---|
| ഊര് = നാട് | പോരും = മതിയാകും |
| നേര് = സത്യം | മെയ് = ശരീരം |

''മനുഷ്യജാതിയെന്ന വിശ്വവിശാലമായ ആശയത്തിന്റെ പ്രഥമാവതാരകനാണ് ശ്രീനാരായണഗുരു.'' ഈ നിരീക്ഷണത്തിന്റെ പൊരുൾ മുകളിൽ കൊടുത്തിരിക്കുന്ന വരികളുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുക.

15. ''ആർപ്പുവിളിക്കുവിനുണ്ണികളേ, യല-
കടലേ, മേന്മേൽ കുരവയിടൂ കൊ-
ച്ചരുവികളേ, ചെറുകന്യകളേ, ന-
ല്ലതിഥി നമുക്കിനിയാരിതുപോലെ?'' (ഓണമുറ്റത്ത്)

ഓണം കവിമനസ്സിൽ ഉയർത്തുന്ന അതിരറ്റ ആഹ്ലാദം വരികളിൽ തെളിയുന്നുണ്ടോ? സ്വാഭിപ്രായം കുറിക്കുക.

**പതിനാറുമുതൽ പതിനെട്ടുവരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.** **(2x6=12)**

16. ''കാരൂർക്കഥകളിലെ പ്രധാനികൾ സാമാന്യജനങ്ങളാണ്. സാധാരണക്കാരുടെ സാമാന്യജീവിതമാണ് അദ്ദേഹം ആവിഷ്കരിക്കുന്നത്. ദൈനംദിനജീവിതത്തിലെ ചെറിയ ചെറിയ സംഭവങ്ങൾ മാത്രം ഇതിവൃത്തമായിട്ടും ഈ കഥകൾ മഹത്തരമാകുന്നത് ഇവയിൽ നിറഞ്ഞുനിൽക്കുന്ന മാനുഷികഭാവത്താലാണ്.''

കാരൂർക്കഥകളെ കുറിച്ചുള്ള ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 'കോഴിയും കിഴവിയും' എന്ന കഥയ്ക്ക് നിരൂപണം തയാറാക്കുക.

17. ''ജാതിരഹിതവും വർഗരഹിതവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുവാനാണ് ശ്രീനാരായണഗുരു അഭിലഷിച്ചത്. ഗുരുവിന്റെ സന്ദേശം ഇന്ന് അത്യധികം ആവശ്യമായിരിക്കുന്നു.''

-ജവഹർലാൽ നെഹ്റു

''ശ്രീനാരായണഗുരു വിപ്ലവകാരിയായ യോഗിയാണ്.''

-ഡോ.എസ്. രാധാകൃഷ്ണൻ

മുകളിൽ നൽകിയ നിരീക്ഷണങ്ങളും ശ്രീനാരായണഗുരു എന്ന പാഠഭാഗത്തിലെ ആശയങ്ങളും പരിഗണിച്ച് 'ശ്രീനാരായണദർശനങ്ങളുടെ സമകാലികപ്രസക്തി' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

18. ''പല പത്രങ്ങൾ വായിക്കുന്നത്, അവയിൽ വരുന്ന പല തോതിലുള്ള കള്ളങ്ങൾ താരതമ്യം ചെയ്ത് എങ്ങനെയെങ്കിലും സത്യത്തിന്റെ സമീപത്ത് എത്തിച്ചേരാൻ കഴിയുമോ എന്നു നോക്കാൻ വേണ്ടിയാണ്. സത്യം കണ്ടുപിടിക്കാൻ പല അടവുകളും നോക്കേണ്ടിവരും; ഗുണിക്കൽ, ഹരിക്കൽ, അഭ്യൂഹം, ഭാവന തുടങ്ങി പലതും.'' (പത്രനീതി)

– സുകുമാർ അഴീക്കോടിന്റെ നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് 'മാധ്യമങ്ങളുടെ സാമൂഹികപ്രതിബദ്ധത' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.